പി3/11993/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 01.04.2017

## സർക്കുലർ

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതാഴെ വിവരിച്ചിട്ടുള്ള പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ (ഒരു സെറ്റ്) 12-04-2017 തീയതിയ്ക്കകം ലഭിക്കത്തക്ക വിധത്തിൽ തയ്യാറാക്കി അയച്ചുതരുവാൻ എല്ലാ സർക്കാർ ആർട്സ് & സയൻസ് കോളേജ് പ്രിൻസിപ്പൽമാരോടും അതാത് ഹോസ്റ്റൽ വാർഡൻമാരോടും നിർദ്ദേശിക്കുന്നു. ഈ സാമ്പത്തികവർഷവും അനുവദിക്കുന്ന തുക കോളേജുകളുടെ വികസന പ്രവർത്തനങ്ങൾക്കും വിദ്യാർത്ഥി സമൂഹത്തിന്റെ ഉന്നമനത്തിനുമായി വിനിയോഗിക്കുന്നതിന് എല്ലാ പ്രിൻസിപ്പൽമാരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു. പ്ലാൻ പ്രൊപ്പോസൽ തയ്യാറാക്കുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ഓരോ പദ്ധതിയ്ക്കും തുക അനുവദിക്കുന്നതിന് പ്രത്യേകം ഫയലുകൾ തുടങ്ങേണ്ടതിനാലും വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്യുന്നതിനാലും താഴെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ പ്രത്യേകം പ്രൊപ്പോസലുകൾ തയ്യാറാക്കി പ്രത്യേക ആമുഖകത്ത് സഹിതം അയച്ചുതരാൻ ശ്രദ്ധിക്കേണ്ടതാണ്. ഓരോ ശീർഷകത്തിലും ചെലവഴിക്കാൻ സാധിക്കുന്ന തുക മാത്രമേ ആവശ്യപ്പെടാൻ പാടുള്ളു. കൂടാതെ കോളേജുകളിൽ/ഹോസ്റ്റലുകളിൽ എന്തെങ്കിലും അടിയന്തിര നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടെങ്കിൽ ആയതിനുള്ള എസ്റ്റിമേറ്റ് (7 പകർപ്പ്) അയച്ചു തരേണ്ടതാണ്. കൂടാതെ ഈ വർഷം നാക് വിസിറ്റ് പ്രതീക്ഷിക്കുന്ന കോളേജുകൾ/ നാക് വിസിറ്റ് കഴിഞ്ഞ കോളേജുകൾ ടി വിവരം പ്രൊപ്പോസലിൽ വ്യക്തമായി പരാമർശിക്കേണ്ടതാണ്. കൂടാതെ കോളേജുകൾ അവരുടെ ഡിപ്പാർട്ട്മെന്റ് തലവൻമാരിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ ക്രോഡീകരിച്ച് മാത്രമേ ഓരോ ശീർഷകത്തിലും തുക ആവശ്യപ്പെടാൻ പാടുള്ളൂ. സർക്കാരിന്റെ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്നതിനായി നാക്, CIUP സ്കീമുകളിലെ പ്രൊപ്പോസലിന്റെ 7 പകർപ്പുകൾ ലഭ്യമാക്കേണ്ടതാണ്. പ്രൊപ്പോസലുകൾ ലഭ്യമാകാത്ത കോളേജുകൾക്ക് തുക അനുവദിക്കുന്നതല്ല.

0414654

GOVERNMENT OF KERALA

| ക്രമ നം | പദ്ധതിയുടെ പേര് | തുക വിനിയോഗിക്കാവുന്ന സംഗതികൾ |
|---|---|---|
| 1 | സർക്കാർ കോളേജുകളിലെ ലബോറട്ടറികളുടെയും ലൈബ്രറികളുടെയും വികസനം (വിഹിതം 700 ലക്ഷം രൂപ)<br>2202-03-103-76 | ആധുനിക ലാബ്, ലൈബ്രറി സൗകര്യങ്ങൾ, ലൈബ്രറി ഡിജിറ്റലൈസേഷൻ, ലാബ്/ ലൈബ്രറി ഫർണിച്ചർ, ലൈബ്രറി ബുക്സ് , ലാബിലെ രാസപദാർത്ഥങ്ങൾ വാങ്ങൽ എന്നിവ. |
| 2 | പുതിയ കോഴ്സുകൾ ആരംഭിക്കുക/ നിലവിലുള്ള കോഴ്സുകൾ വിപുലീകരിക്കുക (വിഹിതം : 550 ലക്ഷം രൂപ)<br>2202-03-103-94 | പുതിയ ബിരുദ/ ബിരുദാനന്തര കോഴ്സുകൾക്കു വേണ്ട ഫർണിച്ചർ, ലാബ് /ലൈബ്രറി സൗകര്യങ്ങൾ, യൂണിവേഴ്സിറ്റി ഇൻസ്പെക്ഷൻ ഫീസ്, അഫിലിയേഷൻ ഫീസ് മുതലായവ. പുതിയ കോഴ്സുകൾ ആരംഭിക്കാത്ത പക്ഷം നിലവിലുള്ള കോഴ്സുകൾ ശക്തിപ്പെടുത്തുന്നതിനായി തുക വിനിയോഗിക്കാം. മൈക്രോ ബയോളജി, ബയോ കെമിസ്ട്രി, ബയോ ടെക്നോളജി, വ്യാവസായിക രസതന്ത്രം എന്നീ പുതിയ കോഴ്സുകൾ ആരംഭിച്ച കോളേജുകളിൽ ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങി ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്താനും തുക വിനിയോഗിക്കാം. |
| 3. | ഫാക്കൽറ്റി വികസനം (വിഹിതം.185 ലക്ഷം രൂപ)<br>2202-03-105-99 | പുതിയ മേഖലകളിൽ ഹ്രസ്വകാല പരിശീലന പദ്ധതികൾ സംഘടിപ്പിക്കുക (ചുരുങ്ങിയത് മൂന്ന് ദിവസമോ പരമാവധി ഒരാഴ്ചയോ) പുതിയതായി നിയമിക്കപ്പെട്ട അദ്ധ്യാപകർ- ക്കായുള്ള പ്രാരംഭ പരിശീലന പരിപാടി, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ നടത്തുക എന്നിവ. |
| 4. | മാച്ചിംഗ് ഗ്രാന്റ് (വിഹിതം: 65 ലക്ഷം രൂപ)<br>2202-03-103-85 | കോളേജ് വികസന സമിതി ശേഖരിക്കുന്ന തുകയ്ക്ക് തുല്യമായ തുക മാച്ചിംഗ് ഗ്രാന്റായി നല്കുന്നു. ഈ തുക കോളേജിന്റെ വികസന ത്തിനായി കമ്മിറ്റി യുടെ തീരുമാനപ്രകാരം വിനിയോഗിക്കാം. ഇതിനായി പ്രൊപ്പോസലുകൾ സമർപ്പിക്കുമ്പോൾ |

| | | | |
|---|---|---|---|
| | | തുക ട്രഷറിയിൽ അടച്ച ചെലാൻ നമ്പറും തീയതിയും രേഖപ്പെടുത്തേണ്ടതാണ്. | |
| 5 | ഐ.ടി ഗ്രിഡ് (വിഹിതം : 30 ലക്ഷം രൂപ)<br>2202-03-103-73 | ഗവൺമെന്റ്കോളേജുകളിലും ഹോസ്റ്റലുകളിലുമുള്ള ബ്രോഡ് ബാൻഡ് കണക്ഷന്റെ പുതുക്കലിനും പുതുതായി തുടങ്ങിയ കോളേജുകളിലെ കണക്ടിവിറ്റി ചാർജ്ജുകൾ കണ്ടെത്തുന്നതിനും ബി.എസ്.എൻ.എൽ ന് നൽകേണ്ട വാർഷിക തുക ഈ പദ്ധതിയിൽ നിന്നും വഹിക്കാവുന്നതാണ്. | |
| 6. | കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പരിപാടി (CIUP)<br>(വിഹിതം . 800 ലക്ഷം രൂപ)<br>2202-03-103-75-01 | കോളേജുകൾക്കും ഹോസ്റ്റലുകൾക്കും പൊതു വികസന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തലിനായി ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ, വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ, കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾ, പൈതൃക സംരക്ഷണം, കായിക ഉപകരണങ്ങൾ വാങ്ങൽ സ്റ്റുഡന്റ്സ് അമിനിറ്റീസ് എന്നിവ. | |
| 7 | കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പരിപാടി (CIUP)<br>(വിഹിതം.2000 ലക്ഷം രൂപ)<br>4202-01-203-83 | കോളേജുകൾക്കും ഹോസ്റ്റലുകൾക്കും പൊതു മരാമത്തു വകുപ്പു മുഖേന നടത്തേണ്ട വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ. | |
| 8. | പഠനയാത്രകൾ<br>(വിഹിതം:- 70 ലക്ഷം രൂപ)<br>2202-03-103-55 | പഠനപദ്ധതിയുടെ ഭാഗമായ യാത്രകൾക്കും ഫീൽഡ് വിസിറ്റിനും സാമ്പത്തിക സഹായം നൽകുക. | |

0414649 GOVERNMENT OF KERALA

| | | |
|---|---|---|
| 9. | എഡ്യൂസാറ്റ് ക്ലാസ് മുറികളുടെ ആധുനിക വൽക്കരണം (വിഹിതം : 250 ലക്ഷം രൂപ) 2202-80-003-95 | എഡ്യൂസാറ്റ് സംവിധാനം ലഭ്യമായ കോളേജുകളിലെ ക്ലാസ്മുറികൾ LCD Projector, Laptop Computers, Internet ഇവ ലഭ്യമാക്കുന്ന സ്മാർട്ട് ക്ലാസ്മുറികളാക്കി മാറ്റുക, ഇവിടെ ശീതീകരിച്ച അന്തരീക്ഷം ലഭ്യമാക്കുക, എഡ്യൂസാറ്റ് പദ്ധതിക്കായി സ്ഥാപിക്കപ്പെട്ട ഉപകരണങ്ങളുടെ അറ്റകുറ്റപണികൾ, കേടുപാട് തീർക്കലുകൾ പിജി/യുജി ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് മുറികൾ ആക്കുക ഇതിനുവേണ്ടി ക്ലാസ്മുറികളിൽ ടിവി, ഇന്റർനെറ്റ് കണക്ടിവിറ്റി, വൈറ്റ് ബോർഡ്, ലാപ്ടോപ്പ്, കമ്പ്യൂട്ടർ, കസേര തുടങ്ങിയ സൗകര്യങ്ങൾ നൽകുക, ക്ലാസ് മുറികളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ, അധികമായി വരുന്ന വൈദ്യുതീകരണം, ഫർണിച്ചർ വാങ്ങുക, തറയിൽ ടൈൽസിടുക, റൂഫിംഗ് അറ്റകുറ്റപണികൾ മുതലായവ. |
| 10. | കോളേജുകൾക്ക് നാക് - ന്റെ അംഗീകാരം (വിഹിതം.400 ലക്ഷം രൂപ) 2202-03-103-74 | കോളേജുകൾക്ക് നാക് ന്റെ അംഗീകാരം ലഭിക്കുന്നതിനും ലഭിച്ചവയ്ക്ക് അംഗീകാരം പുതുക്കുന്നതിനും വേണ്ടി കോളേജുകളുടെ പശ്ചാത്തലം, സൗകര്യ വികസനം, അക്കാദമിക് ഉയർച്ച, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട ഭൗതിക സാഹചര്യം, നൂതന ലാബ്, ലൈബ്രറി സൗകര്യങ്ങൾ, മികച്ച സെമിനാർ ഹാൾ, കാമ്പസ് മോടിപിടിപ്പിക്കൽ മുതലായവ |
| 11. | കോളേജുകൾക്ക് നാക് - ന്റെ അംഗീകാരം (വിഹിതം.450 ലക്ഷം രൂപ) 4202-01-203-85 | കോളേജുകൾക്ക് പൊതു മരാമത്തു വകുപ്പു മുഖേന നടത്തേണ്ട വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ. |
| 12. | സ്പോർട്സ് പരിശീലനത്തുള്ള ധന | കോളേജുകളിൽ കളികളും കായിക വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി |

041465

| | | |
|---|---|---|
| | സഹായം (വിഹിതം 40 ലക്ഷം രൂപ)<br>2204-00-104-29 (02) | |

ഒപ്പ്/-
എൻ.എസ്.മിനി
സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്
സീനിയർ ഫിനാൻസ് ഓഫീസർ (ഇൻ ചാർജ്)
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

// അംഗീകാരത്തോടെ//

സൂപ്രണ്ട്

വി.എസ്. 01.04.2017

0414659 GOVERNMENT OF KERALA